**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.978** **28-4-2017 ൽ മറുപടിക്ക്**

# ഭൂമി കയ്യേറ്റങ്ങളുടെ രേഖകൾ നശിപ്പിച്ചവർക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.കെ.ശശി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട അനധികൃത പട്ടയങ്ങൾ, അനധികൃത കുത്തക പാട്ടങ്ങൾ, സാധുതയില്ലാത്ത പാട്ടങ്ങൾ, പുറമ്പോക്ക് കയ്യേറ്റങ്ങൾ, റവന്യൂ ഭൂമി കയ്യേറ്റങ്ങൾ, എന്നിവ എത്ര എന്നു വ്യക്തമാക്കുമോ; | (എ) | അനുബന്ധം ആയി ചേർക്കുന്നു |
| (ബി) | മുൻ സർക്കാർ ഇത്തരം കേസുകൾ കണ്ടെത്തിയിരുന്നോ; എങ്കിൽ ഇവ തിരിച്ചു പിടിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | (ബി) | മുൻ സർക്കാർ കണ്ടെത്തിയ റവന്യൂ ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിന് നിലവിലുള്ള കേരള ഭൂ സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരം നടപടികൾ സ്വികരിച്ചു വരുന്നു. പാട്ട വ്യവസ്ഥ ലംഘിക്കുന്ന കേസുകളിൽ പാട്ടം റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | റവന്യൂ വകുപ്പിൻ കീഴിലെ ഓഫീസുകളിൽ ജീവനക്കാർ തന്നെ നിർണ്ണായകരേഖകൾ നശിപ്പിക്കുന്നതും അതുവഴി ഭൂമാഫിയകളെ സഹായിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇത്തരം കേസുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ലായെന്ന് മലപ്പുറം, പത്തനംതിട്ട, എറണാകുളം, തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, കൊല്ലം, കാസർഗോഡ് , വയനാട്, പാലക്കാട്, ഇടുക്കി ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം പ്രവൃത്തികളിലേർപ്പെട്ടതായി കണ്ടെത്തിയ റവന്യൂ ഓഫീസുകളും ഉദ്യോഗസ്ഥരും, ഇവർക്കെതിരെ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഇത്തരം കേസുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ലായെന്ന് മലപ്പുറം, പത്തനംതിട്ട, എറണാകുളം, തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, കോട്ടയം, ഇടുക്കി, ആലപ്പുഴ, കൊല്ലം, വയനാട്, പാലക്കാട്, ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നടപടി സ്വീകരിച്ചു വരുന്നു. അനധികൃത പട്ടയം സംബന്ധിച്ച് കാസർഗോഡ് ജില്ലയിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം (1)

മലപ്പുറം ജില്ലയിൽ അനധികൃത പട്ടയങ്ങൾ, അനധികൃത കുത്തക പാട്ടങ്ങൾ ഇല്ല. സാധുതയില്ലാത്ത പാട്ടങ്ങൾ-9 എണ്ണം, പുറമ്പോക്ക് കയ്യേറ്റങ്ങൾ 35 എണ്ണം, റവന്യൂ ഭൂമി കയ്യേറ്റങ്ങൾ 10 എണ്ണവുമാണ്.
തൃശ്ശൂർ ജില്ലയിൽ അനധികൃതമായി നൽകിയ പട്ടയങ്ങൾ, കുത്തക പാട്ടങ്ങൾ, സാധുതയില്ലാത്ത പാട്ടങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുറമ്പോക്ക് കയ്യേറ്റങ്ങൾ ബന്ധപ്പെട്ട വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്. മൊത്തം 11.0576 ഹെക്ടർ റവന്യൂ ഭൂമിയിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.
പത്തനംതിട്ട ജില്ലയിൽ അനധികൃതമായി 3 പട്ടയങ്ങൾ അനുവദിക്കുകയും ആയത് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ രണ്ട് കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. പുറമ്പോക്ക് കയ്യേറ്റങ്ങൾ 139 എണ്ണമുണ്ട്. അനധികൃത കുത്തക പാട്ടങ്ങൾ, സാധുതയില്ലാത്ത പാട്ടങ്ങൾ എന്നിവ ഇല്ല.
എറണാകുളം ജില്ലയിൽ 31.6565 ഹെക്ടർ പുറമ്പോക്ക് റവന്യൂ ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റുള്ളവ ശ്രദ്ധയിൽപ്പട്ടിട്ടില്ല.
തിരുവനന്തപുരം ജില്ലയിൽ 62.92.47 ഹെക്ടർ റവന്യൂ പുറമ്പോക്ക് കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാട്ടം ലംഘിച്ച ഒരു കേസും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ പറഞ്ഞവയിൽ മറ്റുള്ളവ ശ്രദ്ധയിൽപ്പട്ടിട്ടില്ല.
കണ്ണൂർ ജില്ലയിൽ പുറമ്പോക്ക്, റവന്യൂ ഭൂമി എന്നിവയിലായി 0.8903 ഹെക്ടർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. മറ്റുള്ളവ ശ്രദ്ധയിൽപ്പട്ടിട്ടില്ല.
കോഴിക്കോട് ജില്ലയിൽ 7 ഏക്കർ പുഴ പുറമ്പോക്ക് ഭൂമിയും, 5 ഏക്കർ 91.47 സെന്റ് റവന്യൂ ഭൂമിയും കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. മറ്റുള്ളവ ശ്രദ്ധയിൽപ്പട്ടിട്ടില്ല.
കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ പുറമ്പോക്ക്/റവന്യൂ ഭൂമി കയ്യേറ്റങ്ങൾ എന്നിവയിൽപ്പെട്ട 2 കേസുകളും, മീനച്ചിൽ താലൂക്കിൽ ഇത്തരത്തിൽ 08.72.84 ഹെക്ടർ ഭൂമിയിൽ കയ്യേറ്റങ്ങളും, കോട്ടയം താലൂക്കിൽ 01.13.23 ഹെക്ടർ മറ്റ് പുറമ്പോക്ക് കയ്യേറ്റങ്ങളും 14.70 ആർ റവന്യൂ പുറമ്പോക്ക് കയ്യേറ്റങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റുള്ളവ ശ്രദ്ധയിൽപ്പട്ടിട്ടില്ല.
ആലപ്പുഴ ജില്ലയിൽ പുറമ്പോക്ക്/റവന്യൂ ഭൂമിയിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് 148 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റുള്ളവ ശ്രദ്ധയിൽപ്പട്ടിട്ടില്ല.
കൊല്ലം ജില്ലയിൽ അനധികൃതവും, സാധുതയില്ലാത്തതുമായ പട്ടയങ്ങളും പാട്ടങ്ങളും നൽകിയിട്ടില്ല. കുന്നത്തൂർ താലൂക്കിൽ 1977 ൽ നൽകിയ 4 പട്ടയങ്ങളിൽ അപാകത കണ്ടെത്തിയതിനാൽ റദ്ദ് ചെയ്തിട്ടുള്ളതാണ്. കൊല്ലം ജില്ലയിലെ ആറ് താലൂക്കുകളിലായി 27.9412 ഹെക്ടർ സർക്കാർ പുറമ്പോക്ക് കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
കാസർഗോഡ് ജില്ലയിൽ അനധികൃത പട്ടയം നൽകിയ 2 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത സർക്കാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് 438 കേസുകൾ നിലവിലുണ്ട്. മറ്റുള്ളവ ബാധകമല്ല.
വയനാട് ജില്ലയിൽ 88 കേസുകളിലായി 81.5332. ഹെക്ടർ ഭൂമി കയ്യേറി മതിയായ രേഖകളില്ലാതെ കൈവശം വച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ലാൻഡ് റിസംപ്ഷൻ ഓഫീസർ & കളക്ടർ നിർദ്ദേശ പ്രകാരമുള്ള കേസുകളും നിലവിലുള്ള മറ്റുള്ളവ ശ്രദ്ധയിൽപ്പട്ടിട്ടില്ല.
ഇടുക്കി ജില്ലയിൽ അനധികൃത പട്ടയങ്ങൾ-20, പുറമ്പോക്ക് റവന്യൂ ഭൂമി കയ്യേറ്റം - 309 ഉം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത കുത്തകപാട്ടങ്ങൾ, സാധിതയില്ലാത്ത പാട്ടങ്ങൾ എന്നിവ ഇല്ല.
പാലക്കാട് ജില്ലയിൽ 371 പുറമ്പോക്ക് കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10.5203 ഹെക്ടറോളം ഭൂമി കയ്യേറിയിട്ടുണ്ട്. മറ്റുള്ളവ നൽകിയിട്ടില്ല.

Section Officer